പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2125 18.12.2012-ൽ മറുപടിയ്ക്ക്

# കേന്ദ്ര പൂളിൽ നിന്നും കേരളത്തിന് ഓരോ മാസവും ലഭിക്കുന്ന വൈദ്യുതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. പ്രദീപ് കുമാർ : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |

(എ) കേന്ദ്ര പൂളിൽ നിന്നും കേരളത്തിന് ഓരോ മാസവും ലഭിച്ചുകൊണ്ടിരിക്കുന്ന വൈദ്യുതിയുടെ, 2012 ജനുവരി മുതലുള്ള കണക്ക് വ്യക്തമാക്കുമോ ;

(എ) എ) കേന്ദ്രപൂളിൽ നിന്നും 2012 ജനുവരി മുതൽ കേരളത്തിനു ലഭിച്ച വൈദ്യുതിയുടെ കണക്ക് താഴെക്കൊടുക്കുന്നു.

| | |
|---|---|
| ജനുവരി - 2012 | 761.12 ദശലക്ഷം യൂണിറ്റ് |
| ഫെബ്രുവരി - 2012 | 736.31 ദശലക്ഷം യൂണിറ്റ് |
| മാർച്ച് - 2012 | 800.8 2 ദശലക്ഷം യൂണിറ്റ് |
| ഏപ്രിൽ - 2012 | 811.98 ദശലക്ഷം യൂണിറ്റ് |
| മേയ് - 2012 | 833.76 ദശലക്ഷം യൂണിറ്റ് |
| ജൂൺ - 2012 | 797.46 ദശലക്ഷം യൂണിറ്റ് |
| ജൂലൈ - 2012 | 668.66 ദശലക്ഷം യൂണിറ്റ് |
| ആഗസ്റ്റ് - 2012 | 573.43 ദശലക്ഷം യൂണിറ്റ് |
| സെപ്റ്റംബർ-2012 | 592.10 ദശലക്ഷം യൂണിറ്റ് |
| ഒക്ടോബർ - 2012 | 754.47 ദശലക്ഷം യൂണിറ്റ്. |

(ബി) കേന്ദ്ര പൂളിൽ നിന്നും ലഭിക്കുന്ന വൈദ്യുതിയുടെ അളവിൽ മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി ഈ മാസങ്ങളിൽ കുറവു വന്നിട്ടുണ്ടോ ;

(ബി) കുറവു വന്നിട്ടില്ല. എന്നാൽ കേന്ദ്ര വൈദ്യുതി നിലയങ്ങളിലെ ജനറേറ്റർ യൂണിറ്റുകളിൽ വാർഷിക അറ്റകുറ്റപ്പണികൾ, അവിചാരിതമായുണ്ടാകുന്ന തകരാറുകൾ, കൽക്കരിയുടെ ദൗർലഭ്യം മൂലമുണ്ടാകുന്ന ഉല്പാദനക്കുറവ് മുതലായവ കാരണം കേന്ദ്രത്തിൽ നിന്നും ലഭ്യമാകുന്ന വൈദ്യുതിയിൽ കുറവ് വരാറുണ്ട്.

(സി) കേരളത്തിലെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിന് കേന്ദ്ര പൂളിൽ നിന്നും അധികം വൈദ്യുതി ലഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

(സി) ഡൽഹി സംസ്ഥാനം താൽക്കാലികാടിസ്ഥാനത്തിൽ ഉപയോഗപ്പെടുത്താതിരുന്ന ആരവല്ലി പവർ കമ്പനിയുടെ ജജ്ജാറിലുള്ള വൈദ്യുതി നിലയത്തിൽ നിന്നും 362MW വൈദ്യുതി കേരളത്തിനു ലഭ്യമാക്കണമെന്ന് കേന്ദ്രഊർജ്ജ മന്ത്രാലയത്തോട് ആവശ്യ

പ്പെട്ടിട്ടുണ്ട്. കൂടാതെ കിഴക്കൻ മേഖലകളിലുള്ള NTPC നിലയങ്ങളിൽ നിന്നും ചില സംസ്ഥാനങ്ങൾ ഉപയോഗിക്കാത്തതായ വൈദ്യുതി കേരളത്തിനു ലഭ്യമാക്കണമെന്ന് കേന്ദ്ര ഊർജ്ജ മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. ചില സംസ്ഥാനങ്ങൾക്കുള്ള വൈദ്യുതി മാറ്റി നൽകാൻ (power regulation) പവർ ഗ്രിഡ് ഉദ്ദേശിക്കുന്നുവെന്ന് NTPC അറിയിച്ചതിനെ തുടർന്ന് ആ വൈദ്യുതിയും കേരളത്തിന് ലഭ്യമാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.